(ii) രേഖമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാൻസർ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള കരാർ

4 (*4)ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാനഡയുടെ സഹകരണത്തോടെ തലശ്ശേരിയിൽ ഒരു കാൻസർ ആശുപത്രി സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കുമോ;

(ബി) ഈ ആശുപത്രിക്കുവേണ്ടി കാനഡയുടെ സഹായം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇത് സംബന്ധിച്ച് ഒപ്പുവച്ച ഉഭയകക്ഷി കരാറിലെ വ്യവസ്ഥകൾ വെളിപ്പെടുത്തുമോ; കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഡി) കാൻസർ ആശുപത്രി കരാർ സംസ്ഥാന സർക്കാരും കാനഡയുമായുള്ള മറ്റേതെങ്കിലും കരാറുമായി ബന്ധപ്പെട്ടതാണോ;

(ഇ) എങ്കിൽ ഏതു കരാറുമായിട്ടാണെന്നും ആ കരാറുമായുള്ള ബന്ധത്തിന്റെ വിശദാംശവും വെളിപ്പെടുത്താമോ;

(എഫ്) ആശുപത്രി സ്ഥാപിക്കുന്നതിനുള്ള കരാറിൽ സംസ്ഥാനത്തിന് നൽകുന്ന സഹായത്തിന് പകരമായി സംസ്ഥാനം എന്തെങ്കിലും സേവനമോ മറ്റെന്തെങ്കിലും സഹായമോ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ജി) ഈ കരാറുകൾ ഒപ്പു വച്ചിട്ടുള്ളത് ആരെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) തലശ്ശേരിയിൽ സ്ഥാപിതമാകുന്ന കാൻസർ ആശുപത്രിക്കുവേണ്ടി 10.3203 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണജോലികൾ പുരോഗതിയിലാണ്.

(ബി) ഈ ആശുപത്രിയുടെ നിർമ്മാണ ജോലികൾക്ക് ഇപ്പോൾ പണം മുടക്കുന്നത് കാനഡയിലെ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയാണ്. കൂടാതെ ക്യൂബക് സർക്കാർ 'സിഡ' (കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി) ക്യൂബക് സർക്കാർ, മറ്റു വിവിധ കനേഡിയൻ ഏജൻസികൾ എന്നിവരിൽ നിന്നും ധനസഹായം ലഭ്യമാക്കുമെന്ന് എസ്. എൻ.സി. ലാവ്‌ലിൻ അറിയിച്ചിട്ടുണ്ട്.

(സി) തലശ്ശേരി കാൻസർ ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ കരാറൊന്നും ഒപ്പ് വച്ചിട്ടില്ല.

(ഡി)-(ജി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly